**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5436** **12-08-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ കെ.എ.ആർ.ഡി. സൊസൈറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ല രജിസ്ട്രാർ ഓഫീസിൽ ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് പ്രകാരം നിലമ്പൂർ കേന്ദ്രമായി കേരള ഏജൻസി ഫോർ റിസർച്ച് ആൻഡ് റൂറൽ ഡെവലപ്പമെന്റ് (കെ.എ.ആർ.ഡി.) എന്ന സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏത് വർഷമാണ് രജിസ്റ്റർ ചെയ്തതെന്നും അനുവദിച്ച രജിസ്റ്റർ നമ്പറും രജിസ്റ്റർ ചെയ്ത സമയത്ത് സമർപ്പിച്ച നിയമാവലിയും മെമ്മോറാണ്ടം ഓഫ് അസോസിയേഷനും ഓഫീസ് വിലാസവും ഭരണസമിതി അംഗങ്ങളുടെയും ഭാരവാഹികളുടെയും പട്ടികയുടെ പകർപ്പുകളും ലഭ്യമാക്കുമോ; | (എ) | കേരള ഏജൻസി ഫോർ റിസർച്ച് ആൻഡ് റൂറൽ ഡെവലപ്പമെന്റ് (കെ.എ.ആർ.ഡി.) എന്ന സൊസൈറ്റി 1860 ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് പ്രകാരം മലപ്പുറം ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസിൽ 01/08/2001 ന്, 533/2001 എന്ന നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ളതാകുന്നു. ടി സംഘത്തിന്റെ നിയമാവലിയിലെ ഓഫീസ് വിലാസം ഓഫീസ് ഓഫ് ദി കാർഡ്, നിലമ്പൂർ.പി.ഒ, മലപ്പുറം, മലപ്പുറം ജില്ലയിലെ നിലമ്പൂർ ഗ്രാമ പഞ്ചായത്തിലെ 50C/XII നമ്പർ കെട്ടിടം എന്നാകുന്നു. നിയമാവലി, മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, ഭരണസമിതി അംഗങ്ങളുടെ പട്ടിക എന്നിവയുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത സൊസൈറ്റി രജിസ്ട്രേഷൻ നടപടികൾ പുതുക്കി വരുന്നതാണോയെന്നും നിലവിൽ രജിസ്ട്രേഷൻ ഉണ്ടോയെന്നും അറിയിക്കുമോ; | (ബി) | 28/01/2008 തീയതിയിൽ , 2008-2009 വർഷത്തെ ഭരണസമിതി ലിസ്റ്റാണ് മലപ്പുറം ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസിൽ അവസാനമായി ഫയൽ ചെയ്തിട്ടുള്ളത്. ഓഫീസ് രേഖകൾ പ്രകാരം രജിസ്ട്രേഷൻ നിലവിലുണ്ട്. |
| (സി) | ഈ സൊസൈറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; കെ.എ.ആർ.ഡി. ഇൻസ്റ്റിറ്റ്യൂട്ട് എന്ന കംപ്യൂട്ടർ സ്ഥാപനവും 'കൂടെ' എന്ന പുനരധിവാസ കേന്ദ്രവും പ്രസ്തുത സംഘത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഉൾപ്പെട്ടിരുന്നതാണോ; ഈ സ്ഥാപനങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ; | (സി) | നിയമാവലിയിലെ സെക്ഷൻ 5 ൽ വിവരിച്ചിട്ടുള്ള ഉദ്ദേശ്യലക്ഷ്യങ്ങൾ പരിശോധിച്ചതിൽ നിന്നും കെ.എ.ആർ.ഡി. ഇൻസ്റ്റിറ്റ്യൂട്ട് എന്ന കംപ്യൂട്ടർ സെന്റർ, 'കൂടെ' എന്ന പുനരധിവാസ കേന്ദ്രം എന്നിവയെക്കുറിച്ച് പ്രത്യേകം പരാമർശിച്ചിട്ടുള്ളതായി കാണുന്നില്ല. ടി സ്ഥാപനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ രജിസ്ട്രേഷൻ വകുപ്പിൽ ലഭ്യമല്ല. |
| (ഡി) | പ്രസ്തുത സൊസൈറ്റിയുടെ വരവ്-ചെലവ് കണക്കുകൾ രജിസ്ട്രാർ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പുകൾ | (ഡി) | 1860 -ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് സെക്ഷൻ (4) പ്രകാരം മാനേജിംഗ് സമിതിയുടെ വാർഷിക ലിസ്റ്റാണ് ഫയൽ ചെയ്തിട്ടുള്ളത്. ടി |

| | | | |
|---|---|---|---|
| | ലഭ്യക്കുമോയെന്നും ഏതൊക്കെ വർഷങ്ങളിലാണ് ഓഡിറ്റ് ചെയ്ത വരവ് - ചെലവ് കണക്കുകൾ സമർപ്പിച്ചിട്ടുള്ളതെന്നും അറിയിക്കുമോ; | | സംഘത്തിന്റെ വരവ് ചെലവ് കണക്കുകൾ രജിസ്ട്രേഷൻ വകുപ്പിൽ ലഭ്യമല്ല. |
| (ഇ) | ഈ സൊസൈറ്റിയുടെ വരുമാന മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്നാണ് രജിസ്ട്രേഷൻ വകുപ്പിൽ അറിയിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ഇ) | ടി സംഘത്തിന്റെ നിയമാവലിയിലെ സെക്ഷൻ 11-ൽ ധനാഗമന മാർഗ്ഗങ്ങളെക്കുറിച്ച് വിവരിക്കുന്നതിൽ, സംഘടനയ്ക്കാവശ്യമായ പണം - 1. അംഗങ്ങളിൽ നിന്നുള്ള മെമ്പർഷിപ്പ് ഫീസ് 2. വായ്പകൾ 3. സംഭാവനകൾ, ഗ്രാന്റുകൾ 4. സംഘടനയ്ക്ക് ലഭിക്കുന്ന പ്രൊജക്ടുകളിൽ നിന്നുള്ള വിഹിതം. 5. സംഘടനയ്ക്ക് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള വരുമാനങ്ങൾ എന്നീ രീതികളിൽ സംഭരിക്കാവുന്നതാണെന്ന് ചേർത്തിരിക്കുന്നു. |
| (എഫ്) | കംപ്യൂട്ടർ സെന്റർ, പുനരധിവാസ കേന്ദ്രം എന്നിവ നടത്തിയിരുന്നത് എവിടെ നിന്നൊക്കെ ധനസമാഹരണം നടത്തിയാണെന്നും ഏതെങ്കിലും ബാങ്കുകളിൽ നിന്നോ സഹകരണ സംഘങ്ങളിൽ നിന്നോ പ്രസ്തുത സൊസൈറ്റി ഏതെങ്കിലും സമയത്ത് വായ്പ എടുത്തിരുന്നോയെന്നും എത്ര തുകയെന്നും എന്നാണ് വായ്പ എടുത്തതെന്നും വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച വിവരങ്ങൾ മലപ്പുറം രജിസ്ട്രാർ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ടെങ്കിൽ പകർപ്പുകൾ ലഭ്യമാക്കാമോ; | (എഫ്) | പ്രസ്തുത വിവരങ്ങൾ രജിസ്ട്രേഷൻ വകുപ്പിൽ ലഭ്യമല്ല. |
| (ജി) | പ്രസ്തുത സംഘത്തെകുറിച്ച് എന്തെങ്കിലും പരാതികൾ മലപ്പുറം ജില്ല രജിസ്ട്രാർ ഓഫീസിൽ ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ജി) | പരാതികൾ ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

# കേരള ഏജൻസി ഫോർ റിസർച്ച് ആന്റ് റൂറൽ ഡവലപ്മെന്റ് (കാർഡ് KARD)

## എന്ന സംഘടനയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ

(ഈ സംഘടനയുടെ പ്രവർത്തനം പൂർണ്ണമായും 1860ലെ XXI സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടിന് വിധേയമായിരിക്കും)

1. സംഘടനയുടെ പേര് : കേരള ഏജൻസി ഫോർ റിസർച്ച് ആന്റ് റൂറൽ ഡെവലപ്പ്മെന്റ്, നിലമ്പൂർ

2. മേൽ വിലാസം : ഓഫീസ് ഓഫ് ദി കാർഡ്, നിലമ്പൂർ. പി.ഒ., മലപ്പുറം

3. ഓഫീസ് : മലപ്പുറം ജില്ലയിലെ നിലമ്പൂർ ഗ്രാമപഞ്ചായത്തിലെ 50 C/XII നമ്പർ കെട്ടിടം

4. പ്രവർത്തന പരിധി : കേരള സംസ്ഥാനം മുഴുവൻ സംഘടനയുടെ പ്രവർത്തന പരിധിയിൽ ഉൾപ്പെടും

5. ഉദ്ദേശ ലക്ഷ്യങ്ങൾ

**ഉദ്ദേശ ലക്ഷ്യങ്ങൾ ( Objectives)**

താഴെ പറയുന്ന വിവിധ ഉദ്ദേശങ്ങളെയും അതിന്റെ അനുബന്ധ ഘടകങ്ങളെയും അടിസ്ഥാനമാക്കിയാണ് മേൽ സംഘടന പ്രവർത്തിക്കാനുദ്ദേശിക്കുന്നത്.

**വിദ്യാഭ്യാസ പ്രവർത്തനങ്ങൾ**

ഔപചാരിക വിദ്യാഭ്യാസവും, അനൗപചാരിക വിദ്യാഭ്യാസവും

1) പിന്നോക്ക പ്രദേശങ്ങളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുകയും, നടപ്പിൽ വരുത്തുന്ന ഏജൻസിയായി പ്രവർത്തിക്കുകകയും ചെയ്യുക.

2) പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലും, തീര പ്രദേശങ്ങളിലും വൈവിധ്യങ്ങളായ പദ്ധതികൾ വിവിധ ഗവൺമെന്റ്-ഗവൺമെന്റേതര ഏജൻസികളുമായി സഹകരിച്ചും സ്വന്തംനിലയിലും ആസൂത്രണം ചെയ്യുകയും നടപ്പിൽവരുത്തുകയും ചെയ്യുക

3) സ്കൂൾ കുട്ടികളുടെ കൊഴിഞ്ഞു പോക്ക് തടയുന്നതിനും, മറ്റും പദ്ധതികൾ ആവിഷ്ക്കരിക്കുകയും, നടപ്പിൽ വരുത്തുകയും ചെയ്യുക

Aryadan Shoukath (President)

4) വാർത്താ വിനിമയ സാങ്കേതിക വിദ്യയുടെ (Information Technology) പ്രവർത്തനത്തിനു വേണ്ടി വിദ്യാലയങ്ങളിൽ വിവിധ ഏജൻസികളുമായി സഹകരിച്ചും സ്വന്തം നിലയിലും പദ്ധതികൾ ആസൂത്രണം ചെയ്യുകയും, നടപ്പിൽ വരുത്തുകയും ചെയ്യുക

5) സാക്ഷരതാ തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക

6) വായന ശാല, ഗ്രന്ഥ ശാല എന്നിവ സ്ഥാപിക്കുകയും നടത്തുകയും ചെയ്യുക

7) സംഘടനയുടെ കീഴിൽ കേന്ദ്ര-മാനവ ശേഷി വികസന മന്ത്രാലയത്തിനു കീഴിലുള്ള ജനശിക്ഷൺ സൻസ്ഥാൻ(JSS) അനുവദിപ്പിക്കുകയും ആരംഭിക്കുകയും ചെയ്യുക

8) പ്രാഥമിക വിദ്യാഭ്യാസം ലഭിക്കാത്ത മേഖലകളിൽ നിയമങ്ങൾക്ക് വിധേയമായി വിദ്യാലയങ്ങൾ സ്ഥാപിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക

9) വിവിധ തരത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളും, ഗവേഷണ കേന്ദ്രങ്ങൾ തുടങ്ങിയ പരിശീലന കേന്ദ്രങ്ങളും നിബന്ധനകൾക്ക് വിധേയമായി സ്ഥാപിക്കുക

10) പഠന പ്രോത്സാഹനത്തിനായി സ്കോളർഷിപ്പുകൾ, ഗ്രാന്റുകൾ എന്നിവ ഏർപ്പെടുത്തുക

11) പാവപ്പെട്ട വിദ്യാർത്ഥികൾക്ക് വേണ്ടി ഹോസ്റ്റലുകൾ വിവിധ ഏജൻസികളുടെ സഹകരണത്തോടെ ആരംഭിക്കുക

12) വിദ്യാഭ്യാസ മേഖലകളിൽ സ്വന്തം നിലയിൽ ഗവേഷണം നടത്തുകയും, ഗവേഷണത്തിന് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുക

13) വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും, ഗവൺമെന്റുകളുടെയും, മറ്റു ഏജൻസികളുടെയും വിദ്യാഭ്യാസ പ്രൊജക്ടുകൾ ഏറ്റെടുക്കുകയും നടപ്പിൽ വരുത്തുകയും, മോണിറ്ററിംഗ് നടത്തുകയും ചെയ്യുക

**ആരോഗ്യ - ശുചിത്വ പരിപാടികൾ**

1) പരിസര ശുചിത്വം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുകയും, നടപ്പിൽ വരുത്തുകയും ചെയ്യുക

2) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഗവൺമെന്റ്, ഗവൺമെന്റിതര സന്നദ്ധ സംഘടനകൾ തുടങ്ങിയ ഏജൻസികളുമായി സഹകരിച്ചും, സ്വന്തം നിലയിലും ഗ്രാമീണ കുടുംബങ്ങൾക്ക് വേണ്ടി ആരോഗ്യ-ശുചിത്വ കുടിവെള്ള-പാർപ്പിട പദ്ധതികൾ നടപ്പിലാക്കുക

Aryadan Shoukath (President)

3) വിവിധ ഗവൺമെന്റ് – ഗവൺമെന്റേതര ഏജൻസികളുമായി സഹകരിച്ചും സ്വന്തം നിലയിലും ആരോഗ്യ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക

4) വിവിധ രോഗങ്ങളെ കുറിച്ചും മറ്റും ആരോഗ്യ ബോധവത്കരണം നടത്തുക

5) കുടുംബാസൂത്രണം പ്രോത്സാഹിപ്പിക്കുക

6) സംഘടനയുടെ സ്വന്തം നിലയിലും മറ്റു ഏജൻസികളുമായി സഹകരിച്ചും ആരോഗ്യ പ്രശ്നങ്ങളെ കുറിച്ച് ഗവേഷണം നടത്തുകയും, പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക

7) വിവിധ ആരോഗ്യ-ശുചിത്വ കുടിവെള്ള പദ്ധതികളും നിർദ്ദേശങ്ങളും, വിവിധ ഏജൻസികൾക്ക് വേണ്ടി മേൽനോട്ടം വഹിക്കുകയും ചെയ്യുക

8) SMA,AIDS Cell, ആരോഗ്യ വകുപ്പ്, WHO തുടങ്ങിയ ഏജൻസികളുമായി സഹകരിച്ച് വിവിധ ആരോഗ്യ പദ്ധതിയിൽ നീഡ്അസസ്മെന്റ് ഇന്റർവെൻഷൻ പ്രൊജക്റ്റുകൾ ആസൂത്രണം ചെയ്തു നടപ്പിൽ വരുത്തുക

ക്ഷേമ പ്രവർത്തനങ്ങൾ

1) ദാരിദ്ര്യ നിർമ്മാർജ്ജനം, ചേരി നിർമ്മാർജ്ജനം, കോളനികളുടെ വികസനം എന്നിവ ക്ഷേമമാക്കി വിവിധ പദ്ധതികൾ നടപ്പിലാക്കുക

2) അന്ധർ, അംഗവൈകല്യമുള്ളവർ, ബധിരർ, സ്ത്രീകൾ, അനാഥകൾ, വൃദ്ധകൾ തുടങ്ങിയവർക്കായി പ്രത്യേക ഹോസ്റ്റലുകളും വിദ്യാഭ്യാസ –തൊഴിൽസ്ഥാപനങ്ങളും സ്ഥാപിക്കുക

3) സമൂഹത്തിൽ അവശത അനുഭവിക്കുന്നവർക്കായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുകയും, നടപ്പിൽ വരുത്തുകയും ചെയ്യുക

ഗവേഷണം (Research)

1) ഗവൺമെന്റ്, ഗവൺമെന്റേതര ഏജൻസികൾ (NGO) തുടങ്ങിയവയുമായി സഹകരിച്ച് നീഡ് അസ്സെസ്സ്മെന്റ് തയ്യാറാക്കുക(Need assignment) ഇന്റർവെൻഷൻ പദ്ധതികൾ നടപ്പിലാക്കും

2) വിവിധ വിഷയങ്ങളെ അധികരിച്ച് ഗവേഷണം നടത്തുകയും ആവശ്യ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

3) വിവിധ സ്ഥാപനങ്ങളുടെ ഗവേഷണത്തിനുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുക.

Anydan Shukath
(President)

4) നാടൻ കലകളെ കുറിച്ചും മറ്റും പഠനം നടത്തുകയും,പ്രോത്സാഹിപ്പിക്കുകയും ചെയ്യുക

5) തദ്ദേശ സ്ഥാപനങ്ങളുടെയും മറ്റും ഗവേഷണ പ്രൊജക്റ്റുകൾ ഏറ്റെടുത്ത് നടപ്പിലാക്കുക

**പരിസ്ഥിതി പ്രവർത്തനങ്ങൾ**

1) പരിസ്ഥിതി സംരക്ഷണത്തെ കുറിച്ച് ബോധവൽക്കരണം നടത്തുക

2) വനവത്ക്കരണം പ്രോത്സാഹിപ്പിക്കുകയും, പൊതു സ്ഥലങ്ങളിലും മറ്റും മരങ്ങൾ വെച്ച്പിടിപ്പിക്കുകയും ചെയ്യുക

3) പ്ലാസ്റ്റിക്ക് നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്തുക

4) മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക

5) പരിസ്ഥിതി സംരക്ഷണത്തെ കുറിച്ച് സാധാരണ ജനങ്ങൾക്ക് അറിവ് പകരുന്നതിലേക്കായി വിവിധ ഏജൻസികളുടെ സഹകരണത്തോടെ വിവിധ പദ്ധതികൾ ആസൂത്രണം നടത്തുകയും നടപ്പിലാക്കുകയും ചെയ്യുക

6) പരിസ്ഥിതി സംബന്ധമായ വിഷയങ്ങളിൽ ഗവേഷണം നടത്തുകയും, പരിസ്ഥിതി സംരക്ഷണ പ്രൊജക്ടുകൾ നടപ്പിലാക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുക

**സാമൂഹിക ക്ഷേമ പരിപാടികൾ**

1) വിവിധ ഏജൻസികളുമായി സഹകരിച്ചും, സ്വന്തം നിലയിലും സ്റ്റുഡന്റ് കൗൺസിലിംഗ്, ഫാമിലി കൗൺസിലിംഗ് സെന്ററുകൾ നടത്തുക.

2. സമൂഹത്തിലെ അധഃസ്ഥിത വിഭാഗങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുക

3. സാമൂഹിക ദുരാചാരങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക

4. പട്ടിക ജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങളുടെയും, ഒറ്റപ്പെട്ടുകിടക്കുന്ന ജന വിഭാഗങ്ങളുടെയും ഉന്നമനം ലക്ഷ്യമാക്കിയുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക

5. നെഹ്റുയുവ കേന്ദ്ര, കേന്ദ്ര-സംസ്ഥാന സൂമൂഹിക ക്ഷേമവകുപ്പ്, വികലാംഗ കോർപ്പറേഷൻ, തുടങ്ങിയ ഏജൻസികളുമായി സഹകരിച്ച് വിവിധ സാമൂഹിക ക്ഷേമ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക

(President)

6. ദേശീയോദ്ഗ്രഥനം പ്രോത്സാഹിപ്പിക്കുകയും, ദേശീയവും അന്തർദേശീയവുമായ ദി●ങ്ങൾ ആചരിക്കുകയും ചെയ്യുക

7. ഉപഭോക്തൃ സേവന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക

കലാ സാംസ്കാരിക പ്രവർത്തനങ്ങൾ

1. വിവിധ തരത്തിലുള്ള കലാ-സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുക

2. നാടൻ കലകളെ പ്രോത്സാഹിപ്പിക്കുകയും, വളർത്തുകയും ചെയ്യുക

3. ഫീൽഡ് പബ്ലിസിറ്റി, പബ്ലിക് റിലേഷൻസ് വകുപ്പ്, സാംസ്കാരിക വകുപ്പ്, മറ്റു സാംസ്കാരിക കലാസംഘടനകൾ എന്നിവയുമായി സഹകരിച്ച് വിവിധ തരത്തിലുള്ള പരിപാടികൾ ആവിഷ്ക്കരിക്കുകയും, നടപ്പിലാക്കുകയും ചെയ്യുക

4. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ കീഴിലുള്ള സ്ഥാപനങ്ങളുമായി സഹകരിച്ച് കലാപരിപാടികൾ നടത്തുക

5. കലാ-സാംസ്കാരിക പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ശാസ്ത്രീയ രീതിയിലുള്ള പരിശീലനങ്ങൾ നൽകുകയും ചെയ്യുക

വരുമാന വർദ്ധക-ആളോഹരി വരുമാന വർദ്ധക പരിപാടികൾ

1. തൊഴിലവസരങ്ങൾ ഉറപ്പ് വരുത്തുന്ന പദ്ധതികൾ, കുടിൽ വ്യവസായങ്ങൾ, ചെറുകിട വ്യവസായങ്ങൾ എന്നിവ ആരംഭിക്കുകയും, അതിനു വേണ്ട പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യുക

2. സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുകയും അവർക്ക് ആവശ്യമായ പരിശീലനം നൽകുകയും ചെയ്യുക

3. ചെറുകിട നിക്ഷേപ പദ്ധതികളെ പ്രോത്സാഹിപ്പിക്കുകയും, സംഘടിപ്പിക്കുകയും ചെയ്യുക

4. കാർഷിക വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുക

5. കൂട്ടു കൃഷി, അടുക്കളത്തോട്ടം എന്നിവ പ്രോത്സാഹിപ്പിക്കുകയും, അതിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും ചെയ്യുക

6. ക്ഷീര വികസനം, മൃഗ സംരക്ഷണം എന്നിവക്ക് പ്രോത്സാഹനം നൽകുകയും, അ അതിനാവശ്യമായ പരിപാടികൾ നടപ്പിലാക്കുകയും ചെയ്യുക

(President)

7. കേന്ദ്ര -സംസ്ഥാന സർക്കാറുകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, മറ്റു ഏജൻസികൾ തുടങ്ങിയവയുടെ സഹായത്തോടെ തൊഴിൽ പരിശീലന യൂനിറ്റുകളും തൊഴിൽ യൂനിറ്റുകളും നടപ്പിലാക്കുക.

<u>ായിക പ്രവർത്തനങ്ങൾ</u>

1. കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുക

2. കുട്ടികളുടെയും, യുവാക്കളുടെയും സാഹസിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക

3. സ്പോർട്ട്സ്, ഗെയിംസ് മത്സരങ്ങൾ സംഘടിപ്പിക്കുകയും അതിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും ചെയ്യുക

4. കായിക പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക

<u>മ വികസനം</u>

1. ഗ്രാമീണ വികസനത്തിനാവശ്യമായ പദ്ധതികൾ വിവിധ ഏജൻസികളുമായി സഹകരിച്ച് നടപ്പിലാക്കുക

2. ഗ്രാമ വികസന വകുപ്പിന്റെ സഹകരണത്തോടെ ഗ്രാമീണ മേഖലയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനുള്ള പദ്ധതികൾ നടപ്പിലാക്കുക

3. ഗ്രാമങ്ങളുടെ വികസനത്തിനായി വിവിധ സന്നദ്ധ സംഘടനകൾക്ക് സഹായ-സഹകരണങ്ങൾ ചെയ്തു കൊടുക്കുക

4. പഞ്ചായത്ത്രാജനുരിസിച്ച് അധികാര വികേന്ദ്രീകരണം ആവിഷ്ക്കരിച്ച് നടപ്പിലാക്കുക

5. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുകയും, ആവിഷ്ക്കരിക്കുകയും ചെയ്യുക

6. വിവര സാങ്കേതിക വിദ്യയുടെ പ്രയോജനം ഗ്രാമീണതലത്തിൽ എത്തിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക

<u>ലക്ഷ്യങ്ങൾ</u>

1. കേന്ദ്ര സംസ്ഥാന സാമൂഹിക ക്ഷേമ വകുപ്പുകൾ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾക്ക് കീഴിലുള്ള വിവിധ ക്ഷേമവകുപ്പുകൾ, ഗവൺമെന്റിന്റേയും, ഗവൺമെന്റേതര സംഘടനകൾ എന്നിവയുമായി സഹകരിച്ച് വിവിധതരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുക

2. വിവിധ വിദേശ രാജ്യങ്ങളുമായും, എംബസികളുമായി സഹകരിച്ച് ആശയവിനിമയവും സംസ്കാര വിനിമയവും നടത്തുക

3. കാലാ കാലങ്ങളിൽ സംഘടനയുടെ എക്സിക്യൂട്ടീവ് തീരുമാനിക്കുന്ന പദ്ധതികൾ നടപ്പിൽ വരുത്തുക

4. സ്വന്തമായി പുസ്തകങ്ങൾ രചിക്കുകയും പ്രസിദ്ധീകരണ വിഭാഗം ആരംഭിക്കുകയും ചെയ്യുക

5. മനുഷ്യാവകാശ പ്രവർത്തനങ്ങൾക്കായുള്ള ബോധവത്ക്കരണം നടത്തുക

(President)

166029/2021/FAIR COPY IGR

<u>ഇപ്പോൾ നിലവിലുള്ള പ്രവർത്തക സമിതി</u>

| ക്രമ നമ്പർ | പേര് | വിലാസം | തൊഴിൽ | സ്ഥാനം |
|---|---|---|---|---|
| 1. | ആര്യാടൻ ഷൗക്കത്ത് | ആര്യാടൻ ഹൗസ്<br>നിലമ്പൂർ. പി.ഒ | പൊതു പ്രവർത്തകൻ | പ്രസിഡന്റ് |
| 2. | വി. ഉമ്മർ കോയ | വാക്കയിൽ വീട്<br>ഇരിങ്ങാട്ടിരി. പി.ഒ<br>കരുവാരക്കുണ്ട് | അധ്യാപകൻ | ജന.സെക്രട്ടറി |
| 3. | വി.എ. കരീം | വാഴയിൽ<br>ചന്തക്കുന്ന്<br>നിലമ്പൂർ. പി.ഒ | പൊതു പ്രവർത്തകൻ | വൈസ് പ്രസിഡന്റ് |
| 4. | എ. ആസാദ് | അഡ്വക്കേറ്റ്<br>എടക്കര<br>മുണ്ട. പി.ഒ | അഡ്വക്കേറ്റ് | ട്രഷറർ |
| 5. | അഡ്വ. ബാബു മോഹന കുറുപ്പ് | മുക്കട്ട<br>നിലമ്പൂർ RS. PO | അഡ്വക്കേറ്റ് | അംഗം |
| 6. | എ.ഗോപിനാഥ് | അമ്പാടിയിൽ വീട്<br>പട്ടരാക്ക<br>മണലോടി. പി.ഒ<br>നിലമ്പൂർ | ഗവ: ജോലി. | ജോ: സെക്രട്ടറി |
| 7. | കെ. ശിവശങ്കരൻ | കോഴിശ്ശേരി ഹൗസ്<br>നിലമ്പൂർ R.S. PO | ബിസിനസ് | അംഗം. |

Aryadan Shoukath
(President)

166029/2021/FAIR COPY IGR

മേൽ കൊടുത്തിരിക്കുന്ന ഉദ്ദേശ ലക്ഷ്യങ്ങൾക്കായി താഴെ പേരെഴുതി ഒപ്പിട്ട ഞങ്ങൾ കേരള ഏജൻസി ഫോർ റിസർച്ച് ആന്റ് റൂറൽ ഡവലപ്മെന്റ് (കാർഡ്) എന്ന പേരിൽ ഒരു സംഘടന രൂപീകരിച്ച് 1860 ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് XXI ന് വിധേയമായി പ്രവർത്തിക്കാൻ തീരുമാനിച്ചിരിക്കുന്നു. താഴെ ഒപ്പിട്ടിരിക്കുന്നവരാണ് ഈ സംഘടനയുടെ പ്രവർത്തക സമിതിയംഗങ്ങൾ.

| ക്രമ നമ്പർ | പേര് | വിലാസം | തൊഴിൽ | ഒപ്പ് |
|---|---|---|---|---|
| 1. | ആര്യാടൻ ഷൗക്കത്ത് | ആര്യാടൻ ഹൗസ്<br>നിലമ്പൂർ. PO | [illegible] | |
| 2. | വി.ഉമ്മർ കോയ | വാക്കയിൽ വീട്<br>ഇരിങ്ങാട്ടിരി. PO<br>കരുവാരക്കുണ്ട് | അധ്യാപകൻ | |
| 3. | വി.എ. കരീം | വാഴയിൽ<br>ചന്തക്കുന്ന്<br>നിലമ്പൂർ. PO | [illegible] | |
| 4. | എ. ആസാദ് | അഡ്വക്കേറ്റ്<br>എടക്കര<br>മുണ്ട. PO | അഡ്വക്കേറ്റ് | |
| 5. | അഡ്വ. ബാബു മോഹന കുറുപ്പ് | മുക്കട്ട<br>നിലമ്പൂർ RS. PO | അഡ്വക്കേറ്റ് | |
| 6. | എ. ഗോപിനാഥ് | അമ്പാടിയിൽ<br>പട്ടരാക്കര<br>മണലോടി<br>നിലമ്പൂർ | [illegible] | |
| 7. | കെ. ശിവശങ്കരൻ | കോഴിശ്ശേരി ഹൗസ്<br>നിലമ്പൂർ. RS | [illegible] | |

സാക്ഷികൾ

1. [illegible]
2. [illegible]

മേൽ കൊടുത്തിരിക്കുന്ന ഉദ്ദേശ ലക്ഷ്യങ്ങൾക്കായി താഴെ പേരെഴുതി ഒപ്പിട്ട ഞങ്ങൾ കേരള ഏജൻസി ഫോർ റിസർച്ച് ആന്റ് റൂറൽ ഡവലപ്മെന്റ് (കാർഡ്) എന്ന പേരിൽ ഒരു സംഘടന രൂപീകരിച്ച് 1860 ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് XXI ന് വിധേയമായി പ്രവർത്തിക്കാൻ തീരുമാനിച്ചിരിക്കുന്നു. താഴെ ഒപ്പിട്ടിരിക്കുന്നവരാണ് ഈ സംഘടനയുടെ പ്രവർത്തക സമിതിയംഗങ്ങൾ.

| ക്രമ നമ്പർ | പേര് | വിലാസം | തൊഴിൽ | ഒപ്പ് |
|---|---|---|---|---|
| 1. | ആര്യാടൻ ഷൗക്കത്ത് | ആര്യാടൻ ഹൗസ് നിലമ്പൂർ. PO | [illegible] | |
| 2. | വി.ഉമ്മർ കോയ | വാക്കയിൽ വീട് ഇരിങ്ങാട്ടിരി. PO കരുവാരക്കുണ്ട് | അധ്യാപകൻ | |
| 3. | വി.എ. കരീം | വാഴയിൽ ചന്തക്കുന്ന് നിലമ്പൂർ. PO | [illegible] | |
| 4. | എ. ആസാദ് | അഡ്വക്കേറ്റ് എടക്കര മുണ്ട. PO | അഡ്വക്കേറ്റ് | |
| 5. | അഡ്വ. ബാബു മോഹന കുറുപ്പ് | മുക്കട്ട നിലമ്പൂർ RS. PO | അഡ്വക്കേറ്റ് | |
| 6. | എ. ഗോപിനാഥ് | അമ്പാടിയിൽ പട്ടരാക്കര മണലോടി നിലമ്പൂർ | [illegible] | |
| 7. | കെ. ശിവശങ്കരൻ | കോഴിശ്ശേരി ഹൗസ് നിലമ്പൂർ. RS | [illegible] | |

സാക്ഷികൾ

1. [illegible]
2. [illegible]

166029/2021/FAIR COPY IGR

# കേരള ഏജൻസി ഫോർ റിസർച്ച് ആന്റ് റൂറൽ ഡവലപ്മെന്റ്(കാർഡ്) എന്ന സംഘടനയുടെ നിയമാവലി

(ഈ സംഘടനയുടെ പ്രവർത്തനം പൂർണ്ണമായും 1860 ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് XXI ന് വിധേയമായിരിക്കും)

1. പേര് : കേരള ഏജൻസി ഫോർ റിസർച്ച് ആന്റ് റൂറൽ ഡവലപ്മെന്റ് (കാർഡ്) നിലമ്പൂർ

2. മേൽവിലാസം : ഓഫീസ് ഓഫ് ദി കാർഡ്, നിലമ്പൂർ പി.ഒ., മലപ്പുറം

3. ഓഫീസ് : മലപ്പുറം ജില്ലയിലെ നിലമ്പൂർ ഗ്രാമപഞ്ചായത്തിലെ 150 C/XII നമ്പർ കെട്ടിടം

4. പ്രവർത്തി പരിധി : കേരള സംസ്ഥാനം മുഴുവൻ

5. ഉദ്ദേശ ലക്ഷ്യങ്ങൾ :-

**ഉദ്ദേശ ലക്ഷ്യങ്ങൾ ( Objectives)**

താഴെ പറയുന്ന വിവിധ ഉദ്ദേശങ്ങളെയും അതിന്റെ അനുബന്ധ ഘടകങ്ങളെയും അടിസ്ഥാനമാക്കിയാണ് മേൽ സംഘടന പ്രവർത്തിക്കാനുദ്ദേശിക്കുന്നത്.

**വിദ്യാഭ്യാസ പ്രവർത്തനങ്ങൾ**

ഔപചാരിക വിദ്യാഭ്യാസവും, അനൗപചാരിക വിദ്യാഭ്യാസവും

1) പിന്നോക്ക പ്രദേശങ്ങളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുകയും, നടപ്പിൽ വരുത്തുന്ന ഏജൻസിയായി പ്രവർത്തിക്കുകകയും ചെയ്യുക

2) പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലും, തീര പ്രദേശങ്ങളിലും വൈവിധ്യങ്ങളായ പദ്ധതികൾ വിവിധ ഗവൺമെന്റ്-ഗവൺമെന്റേതര ഏജൻസികളുമായി സഹകരിച്ചും സ്വന്തംനിലയിലും ആസൂത്രണം ചെയ്യുകയും നടപ്പിൽവരുത്തുകയും ചെയ്യുക

3) സ്കൂൾ കുട്ടികളുടെ കൊഴിഞ്ഞു പോക്ക് തടയുന്നതിനും, മറ്റും പദ്ധതികൾ ആവിഷ്ക്കരിക്കുകയും, നടപ്പിൽ വരുത്തുകയും ചെയ്യുക

( President )

4) വാർത്താ വിനിമയ സാങ്കേതിക വിദ്യയുടെ (Information Technology) പ്രവർത്തനത്തിനു വേണ്ടി വിദ്യാലയങ്ങളിൽ വിവിധ ഏജൻസികളുമായി സഹകരിച്ചും സ്വന്തം നിലയിലും പദ്ധതികൾ ആസൂത്രണം ചെയ്യുകയും, നടപ്പിൽ വരുത്തുകയും ചെയ്യുക

5) സാക്ഷരതാ തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക

6) വായന ശാല, ഗ്രന്ഥ ശാല എന്നിവ സ്ഥാപിക്കുകയും നടത്തുകയും ചെയ്യുക

7) സംഘടനയുടെ കീഴിൽ കേന്ദ്ര-മാനവ ശേഷി വികസന മന്ത്രാലയത്തിനു കീഴിലുള്ള ജനശിക്ഷൺ സൻസ്ഥാൻ(JSS) അനുവദിപ്പിക്കുകയും ആരംഭിക്കുകയും ചെയ്യുക

8) പ്രാഥമിക വിദ്യാഭ്യാസം ലഭിക്കാത്ത മേഖലകളിൽ നിയമങ്ങൾക്ക് വിധേയമായി വിദ്യാലയങ്ങൾ സ്ഥാപിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക

9) വിവിധ തരത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളും, ഗവേഷണ കേന്ദ്രങ്ങൾ തുടങ്ങിയ പരിശീലന കേന്ദ്രങ്ങളും നിബന്ധനകൾക്ക് വിധേയമായി സ്ഥാപിക്കുക

10) പഠന പ്രോത്സാഹനത്തിനായി സ്കോളർഷിപ്പുകൾ, ഗ്രാന്റുകൾ എന്നിവ ഏർപ്പെടുത്തുക

11) പാവപ്പെട്ട വിദ്യാർത്ഥികൾക്ക് വേണ്ടി ഹോസ്റ്റലുകൾ വിവിധ ഏജൻസികളുടെ സഹകരണത്തോടെ ആരംഭിക്കുക

12) വിദ്യാഭ്യാസ മേഖലകളിൽ സ്വന്തം നിലയിൽ ഗവേഷണം നടത്തുകയും, ഗവേഷണത്തിന് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുക

13) വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും, ഗവൺമെന്റുകളുടെയും, മറ്റു ഏജൻസികളുടെയും വിദ്യാഭ്യാസ പ്രൊജക്ടുകൾ ഏറ്റെടുക്കുകയും നടപ്പിൽ വരുത്തുകയും, മോണിറ്ററിംഗ് നടത്തുകയും ചെയ്യുക

## ആരോഗ്യ - ശുചിത്വ പരിപാടികൾ

1) പരിസര ശുചിത്വം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുകയും, നടപ്പിൽ വരുത്തുകയും ചെയ്യുക

2) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഗവൺമെന്റ്, ഗവൺമെന്റിതര സന്നദ്ധ സംഘടനകൾ തുടങ്ങിയ ഏജൻസികളുമായി സഹകരിച്ചും, സ്വന്തം നിലയിലും ഗ്രാമീണ കുടുംബങ്ങൾക്ക് വേണ്ടി ആരോഗ്യ-ശുചിത്വ കുടിവെള്ള-പാർപ്പിട പദ്ധതികൾ നടപ്പിലാക്കുക

3). വിവിധ ഗവൺമെന്റ് – ഗവൺമെന്റിതര ഏജൻസികളുമായി സഹകരിച്ചും സ്വന്തം നിലയിലും ആരോഗ്യ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക

4) വിവിധ രോഗങ്ങളെ കുറിച്ചും മറ്റും ആരോഗ്യ ബോധവത്കരണം നടത്തുക

5) കുടുംബാസൂത്രണം പ്രോത്സാഹിപ്പിക്കുക

6) സംഘടനയുടെ സ്വന്തം നിലയിലും മറ്റു ഏജൻസികളുമായി സഹകരിച്ചും ആരോഗ്യ പ്രശ്നങ്ങളെ കുറിച്ച് ഗവേഷണം നടത്തുകയും, പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക

7) വിവിധ ആരോഗ്യ-ശുചിത്വ കുടിവെള്ള പദ്ധതികളും നിർദ്ദേശങ്ങളും, വിവിധ ഏജൻസികൾക്ക് വേണ്ടി മേൽനോട്ടം വഹിക്കുകയും ചെയ്യുക

8) SMA,AIDS Cell, ആരോഗ്യ വകുപ്പ്, WHO തുടങ്ങിയ ഏജൻസികളുമായി സഹകരിച്ച് വിവിധ ആരോഗ്യ പദ്ധതിയിൽ നീഡ്അസസ്മെന്റ് ഇന്റർവെൻഷൻ പ്രൊജക്റ്റുകൾ ആസൂത്രണം ചെയ്തു നടപ്പിൽ വരുത്തുക

**ക്ഷേമ പ്രവർത്തനങ്ങൾ**

1) ദാരിദ്ര്യ നിർമ്മാർജ്ജനം, ചേരി നിർമ്മാർജ്ജനം, കോളനികളുടെ വികസനം എന്നിവ ക്ഷേമമാക്കി വിവിധ പദ്ധതികൾ നടപ്പിലാക്കുക

2) അന്ധർ, അംഗവൈകല്യമുള്ളവർ, ബധിരർ, സ്ത്രീകൾ, അനാഥകൾ, വൃദ്ധകൾ തുടങ്ങിയവർക്കായി പ്രത്യേക ഹോസ്റ്റലുകളും വിദ്യാഭ്യാസ -തൊഴിൽസ്ഥാപനങ്ങളും സ്ഥാപിക്കുക

3) സമൂഹത്തിൽ അവശത അനുഭവിക്കുന്നവർക്കായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുകയും, നടപ്പിൽ വരുത്തുകയും ചെയ്യുക

**ഗവേഷണം (Research)**

1) ഗവൺമെന്റ്, ഗവൺമെന്റിതര ഏജൻസികൾ (NGO) തുടങ്ങിയവയുമായി സഹകരിച്ച് നീഡ് അസൈസ്സ്ൻമെന്റ് തയ്യാറാക്കുക(Need assignment) ഇന്റർവെൻഷൻ പദ്ധതികൾ നടപ്പിലാക്കും

2) വിവിധ വിഷയങ്ങളെ അധികരിച്ച് ഗവേഷണം നടത്തുകയും ആവശ്യ നടപടികൾ സ്വീകരിക്കുകയും ചെയ്യുക

3) വിവിധ സ്ഥാപനങ്ങളുടെ ഗവേഷണത്തിനുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുക

Anyudayz Shankath [signatures]

4) നാടൻ കലകളെ കുറിച്ചും മറ്റും പഠനം നടത്തുകയും,പ്രോത്സാഹിപ്പിക്കുകയും ചെയ്യുക

5) തദ്ദേശ സ്ഥാപനങ്ങളുടെയും മറ്റും ഗവേഷണ പ്രൊജക്റ്റുകൾ ഏറ്റെടുത്ത് നടപ്പിലാക്കുക

## പരിസ്ഥിതി പ്രവർത്തനങ്ങൾ

1) പരിസ്ഥിതി സംരക്ഷണത്തെ കുറിച്ച് ബോധവൽക്കരണം നടത്തുക

2) വനവത്ക്കരണം പ്രോത്സാഹിപ്പിക്കുകയും, പൊതു സ്ഥലങ്ങളിലും മറ്റും മരങ്ങൾ വെച്ച്പിടിപ്പിക്കുകയും ചെയ്യുക

3) പ്ലാസ്റ്റിക്ക് നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്തുക

4) മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക

5) പരിസ്ഥിതി സംരക്ഷണത്തെ കുറിച്ച് സാധാരണ ജനങ്ങൾക്ക് അറിവ് പകരുന്നതിലേക്കായി വിവിധ ഏജൻസികളുടെ സഹകരണത്തോടെ വിവിധ പദ്ധതികൾ ആസൂത്രണം നടത്തുകയും നടപ്പിലാക്കുകയും ചെയ്യുക

6) പരിസ്ഥിതി സംബന്ധമായ വിഷയങ്ങളിൽ ഗവേഷണം നടത്തുകയും, പരിസ്ഥിതി സംരക്ഷണ പ്രൊജക്ടുകൾ നടപ്പിലാക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുക

## സാമൂഹിക ക്ഷേമ പരിപാടികൾ

1) വിവിധ ഏജൻസികളുമായി സഹകരിച്ചും, സ്വന്തം നിലയിലും സ്റ്റുഡന്റ് കൗൺസിലിംഗ്, ഫാമിലി കൗൺസിലിംഗ് സെന്ററുകൾ നടത്തുക.

2. സമൂഹത്തിലെ അധഃസ്ഥിത വിഭാഗങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുക

3. സാമൂഹിക ദുരാചാരങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക

4. പട്ടിക ജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങളുടെയും, ഒറ്റപ്പെട്ടുകിടക്കുന്ന ജനവിഭാഗങ്ങളുടെയും ഉന്നമനം ലക്ഷ്യമാക്കിയുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക

5. നെഹ്റുയുവ കേന്ദ്ര, കേന്ദ്ര-സംസ്ഥാന സാമൂഹിക ക്ഷേമവകുപ്പ്, വികലാംഗ കോർപ്പറേഷൻ, തുടങ്ങിയ ഏജൻസികളുമായി സഹകരിച്ച് വിവധ സാമൂഹിക ക്ഷേമ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക

6. ദേശീയോദ്ഗ്രഥനം പ്രോത്സാഹിപ്പിക്കുകയും, ദേശീയവും അന്തർദേശീയവുമായ ദിനങ്ങൾ ആചരിക്കുകയും ചെയ്യുക

7. ഉപഭോക്തൃ സേവന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക

**കലാ സാംസ്കാരിക പ്രവർത്തനങ്ങൾ**

1. വിവിധ തരത്തിലുള്ള കലാ-സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുക

2. നാടൻ കലകളെ പ്രോത്സാഹിപ്പിക്കുകയും, വളർത്തുകയും ചെയ്യുക

3. ഫീൽഡ് പബ്ലിസിറ്റി, പബ്ലിക് റിലേഷൻസ് വകുപ്പ്, സാംസ്കാരിക വകുപ്പ്, മറ്റു സാംസ്കാരിക കലാസംഘടനകൾ എന്നിവയുമായി സഹകരിച്ച് വിവിധ തരത്തിലുള്ള പരിപാടികൾ ആവിഷ്ക്കരിക്കുകയും, നടപ്പിലാക്കുകയും ചെയ്യുക

4. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ കീഴിലുള്ള സ്ഥാപനങ്ങളുമായി സഹകരിച്ച് കലാപരിപാടികൾ നടത്തുക

5. കലാ-സാംസ്കാരിക പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ശാസ്ത്രീയ രീതിയിലുള്ള പരിശീലനങ്ങൾ നൽകുകയും ചെയ്യുക

**വരുമാന വർദ്ധക-ആളോഹരി വരുമാന വർദ്ധക പരിപാടികൾ**

1. തൊഴിലവസരങ്ങൾ ഉറപ്പ് വരുത്തുന്ന പദ്ധതികൾ, കുടിൽ വ്യവസായങ്ങൾ, ചെറുകിട വ്യവസായങ്ങൾ എന്നിവ ആരംഭിക്കുകയും, അതിനു വേണ്ട പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യുക

2. സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുകയും അവർക്ക് ആവശ്യമായ പരിശീലനം നൽകുകയും ചെയ്യുക

3. ചെറുകിട നിക്ഷേപ പദ്ധതികളെ പ്രോത്സാഹിപ്പിക്കുകയും, സംഘടിപ്പിക്കുകയും ചെയ്യുക

4. കാർഷിക വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുക

5. കൂട്ടു കൃഷി, അടുക്കളത്തോട്ടം എന്നിവ പ്രോത്സാഹിപ്പിക്കുകയും, അതിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും ചെയ്യുക

6. ക്ഷീര വികസനം, മൃഗ സംരക്ഷണം എന്നിവക്ക് പ്രോത്സാഹനം നൽകുകയും, അതിനാവശ്യമായ പരിപാടികൾ നടപ്പിലാക്കുകയും ചെയ്യുക

(President)

7. കേന്ദ്ര -സംസ്ഥാന സർക്കാറുകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, മറ്റു ഏജൻസികൾ തുടങ്ങിയവയുടെ സഹായത്തോടെ തൊഴിൽ പരിശീലന യൂനിറ്റുകളും തൊഴിൽ യൂനിറ്റുകളും നടപ്പിലാക്കുക.

കായിക പ്രവർത്തനങ്ങൾ

1. കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുക

2. കുട്ടികളുടെയും, യുവാക്കളുടെയും സാഹസിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക

3. സ്പോർട്സ്, ഗെയിംസ് മത്സരങ്ങൾ സംഘടിപ്പിക്കുകയും അതിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും ചെയ്യുക

4. കായിക പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക

ഗ്രാമ വികസനം

1. ഗ്രാമീണ വികസനത്തിനാവശ്യമായ പദ്ധതികൾ വിവിധ ഏജൻസികളുമായി സഹകരിച്ച് നടപ്പിലാക്കുക

2. ഗ്രാമ വികസന വകുപ്പിന്റെ സഹകരണത്തോടെ ഗ്രാമീണ മേഖലയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനുള്ള പദ്ധതികൾ നടപ്പിലാക്കുക

3. ഗ്രാമങ്ങളുടെ വികസനത്തിനായി വിവിധ സന്നദ്ധ സംഘടനകൾക്ക് സഹായ-സഹകരണങ്ങൾ ചെയ്തു കൊടുക്കുക

4. പഞ്ചായത്തീരാജനുരിസിച്ച് അധികാര വികേന്ദ്രീകരണം ആവിഷ്കരിച്ച് നടപ്പിലാക്കുക

5. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുകയും, ആവിഷ്ക്കരിക്കുകയും ചെയ്യുക

6. വിവര സാങ്കേതിക വിദ്യയുടെ പ്രയോജനം ഗ്രാമീണതലത്തിൽ എത്തിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക

മറ്റു ലക്ഷ്യങ്ങൾ

1. കേന്ദ്ര സംസ്ഥാന സാമൂഹിക ക്ഷേമ വകുപ്പുകൾ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾക്ക് കീഴിലുള്ള വിവിധ ക്ഷേമവകുപ്പുകൾ, ഗവൺമെന്റിന്റെയും, ഗവൺമെന്റേതര സംഘടനകൾ എന്നിവയുമായി സഹകരിച്ച് വിവിധതരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുക

(President)

2. വിവിധ വിദേശ രാജ്യങ്ങളുമായും, എംബസികളുമായി സഹകരിച്ച് ആശയവിനിമയവും സംസ്കാര വിനിമയവും നടത്തുക

3. കാലാ കാലങ്ങളിൽ സംഘടനയുടെ എക്സിക്യൂട്ടീവ് തീരുമാനിക്കുന്ന പദ്ധതികൾ നടപ്പിൽ വരുത്തുക

4. സ്വന്തമായി പുസ്തകങ്ങൾ രചിക്കുകയും പ്രസിദ്ധീകരണ വിഭാഗം ആരംഭിക്കുകയും ചെയ്യുക

5. മനുഷ്യാവകാശ പ്രവർത്തനങ്ങൾക്കായുള്ള ബോധവത്ക്കരണം നടത്തുക

6. **അംഗത്വം**

5 വർഷമെങ്കിലും സംഘടനയിൽ പ്രവർത്തിച്ചവർക്ക് മാത്രമെ സംഘടനയുടെ പ്രവർത്തക സമിതി അംഗമാകാൻ പറ്റുകയുള്ളു (സ്ഥാപക ഭാരവാഹികശ ഒഴികെ) പ്രവർത്തക സമിതി അനുമതി നൽകുന്ന കേരളത്തിലെ 18 നും 50 നും ഇടയിൽ പ്രായമുള്ള ഏതൊരാൾക്കും പ്രവേശന ഫീസോടെ മേൽ സംഘടനയിൽ അംഗമാകാവുന്നതാണ്

7. **പ്രവർത്തക സമിതി**

1. സംഘടനയുടെ പ്രവർത്തക സമിതയിൽ ഏഴ് അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്

2. പ്രവർത്തക സമിതിയിൽ നിന്ന് കാലാവധി പൂർത്തിയാകുന്നതിന് മുമ്പ് ആരെങ്കിലും രാജി വെക്കുകയോ, പിരിച്ച് വിടുകയോ ചെയ്താൽ പകരം മറ്റൊരാളെ നിയമിക്കാൻ പ്രസിഡണ്ടിന് അധികരമുണ്ടായിരിക്കും

3. പ്രവർത്തക സമിതിയിൽ നിന്ന് ഏതൊരംഗത്തിനും എപ്പോൾ വേണമെങ്കിലും രാജി വെക്കാവുന്നതാണ്. എന്നാൽ കമ്മിറ്റി യോഗം ചേർന്ന് അംഗീകരിക്കുന്ന തീയ്യതി മുതലെ രാജി നിലവിൽ വരികയുള്ളു.

4. പ്രവർത്തക സമിതിയിലെ ഏതെങ്കിലും ഒരു അംഗം തുടർച്ചയായി അനുമതി കൂടാതെ 3കമ്മിറ്റി യോഗങ്ങളിൽ വരാതിരിക്കുകയോ പ്രവർത്തനങ്ങളുമായി നിസ്സഹകരിക്കുകയോ ചെയ്താൽ ആ അംഗത്തിന് സമിതി അംഗത്വം നഷ്ടമാകുന്നതാണ്.

5. പ്രവർത്തക സമിതി യോഗങ്ങൾ പ്രസിഡന്റിന്റെ നിർദ്ദേശ പ്രകാരം സെക്രട്ടറി വിളിച്ചു ചേർക്കേണ്ടതും 2 ദിവസത്തിനു മുമ്പ് അംഗങ്ങളെ അറിയിക്കേണ്ടതുമാണ്.

6. പ്രവർത്തക സമിതി ചുരുങ്ങിയത് മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതും ഭാവി പരിപാടികൾ തീരുമാനിക്കേണ്ടതുമാണ്.

7. തെരഞ്ഞെടുക്കുന്ന പ്രവർത്തക സമിതയുടെ കാലാവധി ഒരു വർഷമായിരിക്കും

**8. ജനറൽ ബോഡി**

പൊതു യോഗത്തിനു ഒരാഴ്ച്ച മുമ്പ് നോട്ടീസ് നൽകി യോഗം വിളിക്കാവുന്നതാണ്. യോഗതീരുമാനങ്ങൾക്ക് ഭൂരിപക്ഷ അംഗങ്ങളുടെയും പിൻതുണ ഉണ്ടായിരിക്കേണ്ടതാണ്. അംഗങ്ങൾക്ക് യോഗം വിളിച്ചു കൂട്ടേണ്ടതാണെന്ന അഭിപ്രായം ഉണ്ടായാൽ നാലിൽ മൂന്ന് അംഗങ്ങളുടെ പിന്തുണയോടെ ആവശ്യപ്പെടുന്ന പക്ഷം പ്രസിഡന്റിന്റെ അനുമതിയോടെ സെക്രട്ടറി വിളിച്ചു കൂട്ടേണ്ടതാണ്.

**9. ക്വാറം**

പ്രവർത്തക സമിതയിൽ ഏഴിൽ നാലുപേരെങ്കിലുമുണ്ടെങ്കിൽ ക്വാറം തികഞ്ഞതായും, ജനറൽ ബോഡിയിൽ ആകെയുള്ള അംഗങ്ങളുടെ മൂന്നിൽ ഒന്നെങ്കിലുമുണ്ടെങ്കിൽ ക്വാറം തികഞ്ഞതായും കണക്കാക്കുന്നതാണ്.

**10. അധികാരങ്ങളും ചുമതലകളും :-**

പ്രവർത്തക സമിതി

1. സംഘടനയുടെ ദൈനം ദിന പ്രവർത്തനങ്ങൾ നിയന്ത്രിക്കുക

2. സംഘടനയുടെയും, സംഘടനയുടെ ലക്ഷ്യങ്ങളിൽ പറഞ്ഞ കാര്യങ്ങളുടെയും നേട്ടത്തിനു നാം വേണ്ട തീരുമാനങ്ങൾ എടുക്കുകയും നടപ്പിലാക്കുകയും ചെയ്യുക

3. സംഘടനയുടേയും, സമൂഹത്തിന്റേയും പുരോഗതിക്കാവശ്യമായ വിവിധ പദ്ധതികൾ ആവിഷ്ക്കരിക്കുകയും, നടപ്പിലാക്കുകയും മോണിറ്ററിംഗ് നടത്തുകയും ചെയ്യുക

4. മാസാന്ത്യ വരവ്-ചെലവ് കണക്കുകൾ അംഗീകരിക്കുക

5. സംഘടനയുടെ കീഴിലുള്ള വസ്തുക്കളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുകയും, ജോലിക്കാർക്ക് ശമ്പളവും അലവൻസുകളും അനുവദിക്കുകയും ചെയ്യുക

ജനറൽ ബോഡി

സംഘടനയുടെ ജനറൽ ബോഡിക്ക് നിയമാവലിക്ക് വിധേയമായി പരമാധികാരം ഉണ്ടായിരിക്കുന്നതാണ്. സംഘടനയുടെ വാർഷിക പൊതുയോഗം എല്ലാ വർഷവും ഏപ്രിൽ മാസത്തിൽ വിളിച്ചു ചേർക്കേണ്ടതാണ്. ജനറൽ ബോഡിയിൽ വാർഷിക വരവ്ചെലവ് കണക്കും, ബഡ്ജറ്റും അവതരിപ്പിക്കുകയും ചർച്ച ചെയ്ത് പാസാക്കുകയും വേണം.

ഭാരവാഹികൾ അഡ്വൈസറി കമ്മിറ്റി (പ്രവർത്തക സമിതിക്ക് സംഘടനക്ക് വേണ്ടി അഡ്വൈസറി കമ്മിറ്റി രൂപീകരിക്കാവുന്നതാണ്)

പ്രസിഡന്റ്

- യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുക

- ഭരണപരമായ കാര്യങ്ങളിൽ നിർദ്ദേശങ്ങൾ നൽകുക

- സംഘടനക്ക് വേണ്ടി ജോയിന്റ് അക്കൗണ്ട് നടത്തുക

- ക്രയ വിക്രയങ്ങൾക്ക് നേതൃത്വം നൽകുക

- സംഘടനക്ക് കീഴിലുള്ള ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകുകയും, അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്യുക

- ഗവൺമെന്റ്-ഗവൺമെന്റിതര സംഘടനകൾ എന്നിവയിൽ നിന്ന്
- ഗ്രാന്റ്, സഹായങ്ങൾ എന്നിവ വാങ്ങുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ വഹിക്കുക

- സംഘടനയിലെ പ്രാഥമികാംഗങ്ങൾക്കെതിരെ ആവശ്യമായ ഘട്ടത്തിൽ അച്ചടക്ക നടപടി സ്വീകരിക്കുക

- ഓഫീസ് മേധാവിയായി പ്രവർത്തിക്കുക

- ബില്ലുകൾ അനുവദിക്കുക

വൈസ് പ്രസിഡന്റ്

പ്രസിഡന്റിന്റെ അഭാവത്തിൽ പ്രസിഡന്റിന്റെ ചുമതലകൾ നിർവ്വഹിക്കുക. പ്രസിഡണ്ട് നിർദ്ദേശിക്കുന്ന അവസരത്തിൽ പ്രസിഡണ്ടിന്റെ ചുമതലകൾ ഏറ്റെടുത്ത് പ്രവർത്തിക്കുക

**ജനറൽ സെക്രട്ടറി**

സംഘടനയുടെ തീരുമാനങ്ങൾക്ക് വിധേയമായി സംഘടനയുടെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തുക

പ്രസിഡന്റിന്റെ നിർദ്ദേശ പ്രകാരം പ്രവർത്തക സമിതിയും പൊതു യോഗങ്ങളും വിളിച്ച് ചേർക്കുക

Aryadan Shoukath (President)

സംഘടനയുടെ വരവ്-ചെലവ് കണക്കുകൾ മറ്റു റിക്കോർഡുകൾ എന്നിവ എഴുതുകയും, സൂക്ഷിക്കുകയും ചെയ്യുക.

സംഘടന എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുക.

സംഘടനയുടെ യോഗം ചേരുമ്പോൾ അതാത് മാസത്തെ വരവ്-ചെലവ് കണക്കുകൾ റിപ്പോർട്ട് എന്നിവ അവതരിപ്പിക്കുക.

പ്രസിഡന്റിന്റെ നിർദ്ദേശ പ്രകാരം സംഘടനക്ക് വേണ്ടി എഴുത്ത് കുത്തുകൾ നടത്തുക

ജോയിന്റ് സെക്രട്ടറി

ജനറൽ സെക്രട്ടറിയുടെ അഭാവത്തിൽ അദ്ദേഹത്തിന്റെ ഉത്തരവാദിത്വം ജോയിന്റ് സെക്രട്ടറി വഹിക്കുന്നതാണ്.

ട്രഷറർ

സംഘടനയുടെ വരുമാനം സൂക്ഷിക്കുകയും പ്രസിഡന്റ് അനുവദിക്കുന്ന ചെലവുകൾ വിനിയോഗിക്കുകയും ചെയ്യുക.

എക്സിക്യൂട്ടീവ് മെമ്പർമാർ

സംഘടനയുടെ പ്രവർത്തനത്തിൽ എല്ലാ മെമ്പർമാർക്കും തുല്യ അധികാരമായിരിക്കും സംഘടനയുടെ വളർച്ചക്ക് ആവശ്യമായ പൊതുനന്മ യോഗ്യമാക്കി പ്രവർത്തിക്കുകയും ചെയ്യുക.

1. ധനാഗമ മാർഗ്ഗങ്ങളും വിനിയോഗവും

സംഘടനക്ക് ആവശ്യമായ പണം താഴെ പറയുന്ന രീതിയിൽ സംഭരിക്കാവുന്നതാണ്

1. അംഗങ്ങളിൽ നിന്നുള്ള മെമ്പർഷിപ്പ് ഫീസ്
2. വായ്പകൾ
3. സംഭാവനകൾ, ഗ്രാന്റുകൾ
4. സംഘടനക്ക് ലഭിക്കുന്ന പ്രൊജക്ടുകളിൽ നിന്നുള്ള വിഹിതം
5. സംഘടനക്ക് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള വരുമാനങ്ങൾ

## ധന വിനിയോഗം

സംഘടനയുടെയും, സമൂഹത്തിന്റെയും പുരോഗതിക്ക് ആവശ്യമായ രീതിയിലാണ് പണം ചെലവഴിക്കേണ്ടത്.

## 12. ഭരണഘടന ഭേദഗതി

ഭരണഘടന ഭേദഗതി ചെയ്യുന്നതിന് ജനറൽ ബോഡിക്ക് അധികാരമുണ്ടായിരിക്കും. അംഗങ്ങൾക്ക് 7 ദിവസത്തെ മുൻകൂർ നോട്ടീസ് നൽകി വിളിച്ചു ചേർക്കുന്ന ജനറൽ ബോഡിയിൽ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടെ ഏത് വകുപ്പും ഭാഗികമായോ പൂർണ്ണമായോ ഭേദഗതി ചെയ്യുവാനും കൂട്ടിച്ചേർക്കാനും അധികാരമുണ്ടായിരിക്കുന്നതാണ്.

## 13. വാർഷിക പൊതുയോഗം

സംഘടനയുടെ വാർഷിക പൊതുയോഗം എല്ലാ വർഷവും ഏപ്രിൽ മാസത്തിൽ വിളിച്ചു ചേർക്കുന്നതാണ്.

## 14. അവിശ്വാസ പ്രമേയം

സംഘടനയിലെ ഏതൊരു പ്രവർത്തക സമിതി അംഗത്തിനെതിരിലും അവിശ്വാസ പ്രമേയം കൊണ്ടു വരാവുന്നതാണ്. ജനറൽ ബോഡി മെമ്പർമാരിൽ പത്തിൽ ഒരു ഭാഗം അംഗങ്ങൾ ഒപ്പിട്ടു കൊടുക്കുന്ന മുൻകൂർ നോട്ടീസിന്റെ അടിസ്ഥാനത്തിൽ 7 ദിവസത്തിനകം ജനറൽ ബോഡി വിളിച്ചു ചേർക്കേണ്ടതും അവിശ്വാസ പ്രമേയം ചർച്ച ചെയ്തു വോട്ടിനിടേണ്ടതുമാണ്. ഒരംഗത്തിന്റെ ഭൂരിപക്ഷമുണ്ടെങ്കിൽ പ്രമേയം പാസ്സായതായി കണക്കാക്കും. പ്രസിഡന്റിനെതിരെയുള്ള അവിശ്വാസ പ്രമേയമാണെങ്കിൽ ഒരു സീനിയർ അംഗം യോഗത്തിൽ അദ്ധ്യക്ഷത വഹിക്കേണ്ടതാണ്.

## 15. സൂക്ഷിക്കേണ്ട റിക്കാർഡുകൾ

1. അംഗത്വ രജിസ്റ്റർ
2. മിനുട്സ് ബുക്ക്
3. ക്യാഷ് ബുക്ക്
4. എക്സ്പെന്റിച്ചർ
5. സ്റ്റോക്ക് രജിസ്റ്റർ
6. വിസിറ്റേഴ്സ് ഡയറി
7. മറ്റു രേഖകൾ
8. രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ

(President)

10. പിരിച്ചു വിടൽ

ഏതെങ്കിലും കാരണവശാൽ മേൽ സംഘടനയുടെ പ്രവർത്തനം അവസാനിപ്പിക്കുകയോ, പിരിച്ചുവിടുകയോ ചെയ്താൽ സംഘത്തിന്റെ നിയന്ത്രണത്തിലുള്ള മുഴുവൻ സാധനങ്ങളും സമാന സ്വഭാവത്തിൽ പ്രവർത്തിക്കുന്ന ഒരു സംഘടനക്ക് കൈമാറുകയോ ഗവർമെന്റിലേക്ക് കണ്ട് കെട്ടുകയോ ചെയ്യുന്നതാണ്.

സംഘടനയുടെ സ്വത്ത് യാതൊരു കാരണവശാലും വ്യക്തികളുടെ ലാഭത്തിനു വേണ്ടിയോ സ്വാർത്ഥ ലാഭത്തിനു വേണ്ടിയോ ഉപയോഗിക്കുവാനോ, ചെലവഴിക്കുവാനോ പാടില്ലാത്തതാകുന്നു.

ഈ നിയമാ വലി വായിച്ച് അംഗീകരിച്ചിരിക്കുന്നുവെന്നും ഭരണ ഘടനാനുസൃതമായി പ്രവർത്തിച്ചുകൊള്ളാമെന്നും താഴെ പേരെഴുതി ഒപ്പിട്ടിരിക്കുന്ന ഞങ്ങൾ സമ്മതിച്ചിരിക്കുന്നു.

സംഘടനയുടെ ഭരണഘടന 2001 ജൂൺ 8-ാം തീയ്യതിയിൽ ചേർന്ന ജനറൽ ബോഡി യോഗം അംഗീകരിച്ചിരിക്കുന്നു.

(പ്രസിഡന്റ്)

N. Ummer Koya
(ജനറൽ സെക്രട്ടറി)

(ട്രഷറർ)

സാക്ഷികൾ

1. JAFFAR. T, THOOMBATH, UPHILL MALAPPURAM.

2. P.K. JALEEL, KANNATHPARA. DOWNHILL, MALAPPURAM.

CERTIFICATE OF REGISTRATION UNDER THE SOCIETIES REGISTRATION ACT XXI

OF REG.NO. 533/2001

I heare by certify that Kerala Agency for Research and Rural development, Nilambur (KARD) has this day been registered under the Societies Registration Act XXI of 1860.

Given under my hand and seal at the District Registrar's Office, Malappuram on the ... First ........... day of .. August ........ 2001 Two Thousnad and one

D.R.O, Malappuram.

Dated, 1-8-2001

DISTRICT REGISTRAR AND REGISTRAR OF SOCIETIES, MALAPPURAM.

---

| | |
|---|---|
| SL.No.of the Society | : 533/2001 |
| Name of the Society. | : Kerala Agency for Research and Rural Development - Nilambur |
| Name of the document | : Meomorandum of Association. |
| No. of the document | : 1 of 2001 |
| Date of Registration | : 1-8-2001 |

DISTRICT REGISTRAR AND REGISTRAR OF SOCIETIES, MALAPPURAM.

---

ENDORSEMENT OF THE COPY OF THE RULES AND REGULATIONS

| | |
|---|---|
| SL.No.of the Society. | : 533/2001 |
| Name of the Society. | : Kerala Agency for Research and Rural Development - Nilambur |
| GL.No.of the document | : 2 of 2001. |
| Name of the document | : Copy of the Rules and Reglations. |
| Date of filling | : 1-8-2001. |

DISTRICT REGISTRAR AND REGISTRAR OF SOCIETIES, MALAPPURAM.